**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **13-02-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയ കൃഷിയിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് കൃഷിവകുപ്പമായി സഹകരിച്ച് വിദ്യാലയ കൃഷിയിടങ്ങൾ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; | (എ) | കയ്പമംഗലം മണ്ഡലത്തിൽ കൃഷിവകുപ്പമായി സഹകരിച്ച് വിദ്യാലയ കൃഷിയിടങ്ങൾ ഈ വർഷം നടപ്പിലാക്കിയിട്ടില്ല. |
| (ബി) | കുട്ടികൾക്ക് കൃഷിയിൽ താൽപര്യം ജനിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ കൃഷിത്തോട്ടം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കുട്ടികൾക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ കൃഷിത്തോട്ടം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ രൂപീകരിച്ച ക്ലീൻ ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകുമോ; | (സി) | മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ രൂപീകരിച്ച ക്ലീൻ ഗ്രാമം പദ്ധതിയുടെ ഭാഗമായി കൃഷിഭവൻ തലത്തിൽ 7 പരിശീലന ക്ലാസുകളും ബ്ലോക്ക് തലത്തിൽ 6 പരിശീലന ക്ലാസുകളും നടത്തി. 12 ചെറുകിട ഉല്പാദന യൂണിറ്റുകളും ഒരു വൻകിട ഉല്പാദന യൂണിറ്റും 2 കമ്പോസ്റ്റ് യൂണിറ്റും നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിശീലന ക്ലാസുകൾക്കായി ഒരു ലക്ഷം രൂപ ചിലവഴിക്കുകയും 2,23,750/- രൂപയുടെ ക്ലെയിമുകൾ നിലവിൽ തയ്യാറായിട്ടുള്ളതുമാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. |
| (ഡി) | വിദ്യാർത്ഥികൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്ത് നൽകുന്ന പദ്ധതി പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി കയ്പമംഗലം മണ്ഡലത്തിലെ 25 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്ത് വിതരണം നടത്തിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പട്ടിക **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ഇ) | വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ മണ്ണ് പരിശോധന ക്യാമ്പ്, മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെക്കുറിച്ചും ജൈവ കീടനിയന്ത്രണ മാർഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സ് | (ഇ) | കൃഷിഭവൻ വഴി വിദ്യാലയ കൃഷിയിടങ്ങളിലെ മണ്ണ്, ജില്ലാ മണ്ണ് പരിശോധനാ ലാബിൽ എത്തിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആയതിന്റെ റിസൾട്ടും വിദ്യാലയ കൃഷിയിടങ്ങളിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾക്ക് വേണ്ട മണ്ണുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശങ്ങളും മണ്ണിന്റെ ഗുണനിലവാരം |

| | | | |
|---|---|---|---|
| | എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | | ഉയർത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസും ഉൾപ്പെടെയുള്ള സേവനങ്ങളും ജില്ലാ മണ്ണ് പരിശോധന ലാബിൽ ലഭ്യമാണ്. കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയ കൃഷിയിടങ്ങളിൽ മാത്രമല്ല തൃശ്ശൂർ ജില്ലയിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ മണ്ണ് പരിശോധനയെക്കുറിച്ച് അറിവും മണ്ണ് പരിശോധനാ ക്യാമ്പ് ബോധവൽക്കരണ ക്ലാസ് എന്നിവ നൽകുന്നതിനായി പ്രസ്തുത പഞ്ചായത്തിലെ കൃഷിഭവനിൽ അറിയിപ്പ് നൽകുന്ന പക്ഷം തൃശ്ശൂർ ജില്ലാ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബിന്റെ സേവനം പ്രസ്തുത സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതാണ്.<br><br>ജൈവ കാർഷിക മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല, ബ്ലോക്ക്, ഗ്രാമ/നഗര മുൻസിപ്പാലിറ്റി, കൃഷിഭവൻ തല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങളും, പരിശീലനങ്ങളും നടത്തി വരുന്നു. കൂടാതെ ജൈവ കാർഷിക മിഷനെ പോഷകസമൃദ്ധി മിഷനുമായും, കൃഷിക്കൂട്ടങ്ങളുമായും സംയോജിപ്പിച്ചിട്ടുണ്ട്. ജൈവ കാർഷിക മിഷനിൽ വിദ്യാർത്ഥികൾക്ക് കൃഷിയിൽ ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ മണ്ണ്-വിള ആരോഗ്യ പരിപാലനം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി വരുന്നു. ഇതിന്റെ ഭാഗമായി മണ്ണ് പരിശോധന ക്യാമ്പ്, മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെക്കുറിച്ചും, ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സ് എന്നിവയും സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി പച്ചക്കറി വിത്ത് വിതരണം നടത്തിയ കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ പട്ടിക

1. എൽ. പി. എസ്. ഓണച്ചെമ്മാവ്, മതിലകം
2. ഒ. എൽ. എഫ്. ജി. എച്ച്. എസ്., മതിലകം
3. എൽ. പി. എസ്., കഴുവിലങ്ങ്
4. എ. എം. യു. പി. എസ്., പാപ്പിനിവട്ടം
5. സെൻറ് മേരീസ് എൽ. പി. എസ്., മതിലകം
6. യു. പി. എസ്., കളരിപ്പറമ്പ്
7. എൻ. എം. എൽ. പി. എസ്., കൂളിമുട്ടം
8. സെൻറ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂൾ, മതിലകം
9. യു. പി. എസ്. എമ്മാട്, കൂളിമുട്ടം
10. എം. എം. യു. പി. സ്കൂൾ, കൂളിമുട്ടം
11. ജി. എൽ. പി. എസ്., പാപ്പിനിവട്ടം
12. സെൻറ് ജോസഫ് ഹെയർ സെക്കണ്ടറി സ്കൂൾ, മതിലകം
13. എ. എം. എൽ. പി. സ്കൂൾ, പാപ്പിനിവട്ടം
14. കെ. എം. എൽ. പി. സ്കൂൾ, പി. ഒ. കൂളിമുട്ടം
15. ഗവ. ഫിഷറീസ് എൽ. പി. എസ്., കൈപ്പമംഗലം
16. ആർ. എം. വി. എച്ച്. എസ്. എസ്, പെരിഞ്ഞനം
17. ജി. യു. പി. എസ്, പെരിഞ്ഞനം
18. പെരിഞ്ഞനം വെസ്റ്റ് എൽ. പി. സ്കൂൾ, പെരിഞ്ഞനം
19. എസ്. എൻ. യു. പി. സ്കൂൾ, പെരിഞ്ഞനം
20. എ. എം. എൽ. പി. എസ്, പെരിഞ്ഞനം ഈസ്റ്റ്
21. പെരിഞ്ഞനം ഈസ്റ്റ് യു. പി. സ്കൂൾ, പെരിഞ്ഞനം
22. അയ്യപ്പൻ മെമ്മൊറിയൽ എൽ. പി. എസ്., പെരിഞ്ഞനം
23. എസ്. എൻ. ജി. എം. എൽ. പി. എസ്., പെരിഞ്ഞനം
24. ആർ. എം. വി. എച്ച്. എസ്., പെരിഞ്ഞനം
25. ആർ. എം. വി. എച്ച്. എസ്., പെരിഞ്ഞനം വൊക്കേഷണൽ